## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3191** 19.06.2019 ൽ മറുപടിയ്ക്ക്

### അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. വി.ആർ. സുനിൽ കുമാർ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
| --- | --- |
| എ) അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ; | എ) ആദിവാസി കർഷക ജനതയുടെ പാരമ്പര്യ കൃഷി പുനസ്ഥാപിക്കുക, ഈ മേഖലയിലെ പോഷകാഹാര കുറവുമൂലമുള്ള പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാക്കുക, ജൈവ കൃഷി പ്രോത്സാഹനം വഴി കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും നടത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടി കൃഷി വകുപ്പും ട്രൈബൽ ഡിപ്പാർട്ടുമെന്റും സംയുക്തമായി കഴിഞ്ഞ 3 വർഷങ്ങളായി നടപ്പിലാക്കുന്ന പദ്ധതിയാണ് അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി.<br>പ്രാദേശിക വിളകളുടെ വികസനവും ആദിവാസി മേഖല പരമ്പരാഗത കൃഷി പ്രോത്സാഹനത്തിനുമായി അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷത്തിൽ 350 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 84.285 ലക്ഷം രൂപ പാലക്കാട്ടുള്ള അട്ടപ്പാടിയിലെ ട്രൈബൽ ഡവലപ്പ്മെന്റിനു വകയിരുത്തിയിരുന്നു.<br>ഈ പദ്ധതിക്കായി 84.285 ലക്ഷം രൂപ അനുവദിച്ചതിൽ 82.5217 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. റാഗി, തിന, വരക്, പനിവരക്, കുതിരവാലി, ഉഴുന്ന്, മുതിര, പയർ, മറ്റു പച്ചക്കറി വിളകൾ 2018-19 വർഷം ഒന്നാം വിളക്കാലത്ത് 485 ഹെക്ടറിൽ കൃഷി ചെയ്തതിൽ നിന്നും 516 MT ഉല്പാദനവും 2018-19 രണ്ടാം വിളക്കാലത്ത് 520 ഹെക്ടർ സ്ഥലത്ത് നിന്ന് 583 ടൺ ഉല്പാദനവും ഉണ്ടായി. 2019-20 വർഷം ഒന്നാം വിളക്കാലത്ത് 70 ഊരുകളിലായി 1500 കർഷകർ ചേർന്ന് 760 ഹെക്ടർ |

സ്ഥലത്ത് കൃഷിയിറക്കിയിട്ടുണ്ട്. ഇതിൽ നിന്ന് 600 MT ഉല്പാദനം പ്രതീക്ഷിക്കുന്നു. മില്ലറ്റ് വില്ലേജ് പദ്ധതി പ്രകാരം ഉല്പാദിപ്പിച്ച ധാന്യങ്ങൾ സംസ്കരിച്ച് റാഗി ധാന്യം, റാഗി മാവ്, റാഗി മാൾട്ട്, റാഗി പുട്ടുപൊടി, ചാമ, എനർജി ഡ്രിങ്ക് ഉല്പന്നങ്ങളായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വില്പനശാലകൾ, ഇക്കോഷോപ്പുകൾ എന്നിവ വഴി വിൽപ്പന നടത്തി വരുന്നു. ഇടുക്കി ജില്ലയിലെ തായന്നംകുടി ഊരിൽ 30 ഹെക്ടർ സ്ഥലത്ത് 3 ലക്ഷം രൂപയുടെ ചെറുധാന്യ കൃഷിയും നടപ്പിലാക്കി.

| | |
|---|---|
| ബി) കേരളത്തിന്റെ തനത് കാർഷിക വിളകളായ ചെറുധാന്യങ്ങളുടെ കൃഷി പഴയ പ്രതാപത്തിൽ എത്തിക്കുന്നതിന് ഈ പദ്ധതി സഹായകരമാകുമോ; | ബി) കേരളത്തിലെ തനത് കാർഷിക വിളകളായ ചെറുധാന്യങ്ങളുടെ കൃഷി പഴയ പ്രതാപത്തിൽ എത്തിക്കുന്നതിന് ഈ പദ്ധതി സഹായകരമാകും എന്നുള്ളതാണ് കൃഷി വകുപ്പിന്റെ വിലയിരുത്തൽ. |
| സി) അട്ടപ്പാടിയിൽ നിന്നുള്ള ഏതെങ്കിലും പ്രാദേശിക വിഭവങ്ങൾക്ക് അന്താരാഷ്ട്ര ഭൗമസൂചികാപദവി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നേടുന്നതിന് പരിശ്രമങ്ങൾ നടത്തുന്നുണ്ടോ; | സി) അട്ടപ്പാടിയിൽ നിന്നുള്ള പ്രാദേശിക വിഭവങ്ങൾക്ക് നിലവിൽ ഭൗമസൂചിക പദവി ഒന്നും തന്നെ ലഭിച്ചിട്ടില്ല. അട്ടപ്പാടി തുവര, ആട്ടുകൊമ്പ് അമര എന്നിവ മില്ലറ്റ് വില്ലേജ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഭൗമസൂചികാപദവി ലഭ്യമാക്കുന്നതിലേയ്ക്കായി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ IPR സെല്ലിന്റെ കീഴിൽ ഗവേഷണം നടന്നുകൊണ്ടിരിക്കുന്നു. |
| ഡി) മില്ലെറ്റ് വില്ലേജ് പദ്ധതിയിൽ മറ്റ് വകുപ്പുകളുടെ പങ്കാളിത്തം ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | ഡി) ഉണ്ട്. അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി കൃഷി വകുപ്പും ട്രൈബൽ ഡിപ്പാർട്ടുമെന്റും സംയുക്തമായി കഴിഞ്ഞ 3 വർഷങ്ങളായി നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. |
| ഇ) കേരളത്തിലെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൂടി ഇത്തരത്തിൽ ചെറുധാന്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് നീക്കമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | ഇ) കേരളത്തിലെ മറ്റ് സ്ഥലങ്ങളിൽ കൂടി ഇത്തരത്തിൽ ചെറു ധാന്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷം ഇടുക്കി, വയനാട് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. |

Mayal

**സെക്ഷൻ ഓഫീസർ**